പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1727      31.01.2018-ൽ മറുപടിയ്ക്ക്.

**ത്രിതല പഞ്ചായത്തുകളുടെ പ്രവൃത്തികൾക്കുള്ള ജി.എസ്.ടി.നിരക്ക്**

| ചോദ്യം<br>ശ്രീ.എസ്.രാജേന്ദ്രൻ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.ടി. വന്നതിനുശേഷം, ത്രിതല പഞ്ചായത്തുകളുടെ പ്രവൃത്തികളുടെ ടെണ്ടർ വർക്കിനും നോമിനി വർക്കിനും പല നിരക്കുകളും എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് 12% നികുതിയുമാണ് ഈടാക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. കേന്ദ്ര നികുതി വകുപ്പിന്റെ വിവിധ നോട്ടിഫിക്കേഷനുകൾ പ്രകാരം ഏത് ഫണ്ട് ഉപയോഗപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കിയാലും റോഡ് പ്രവൃത്തികൾക്ക് 12% ജി.എസ്.ടി.യും കെട്ടിടങ്ങൾക്ക് അവയുടെ തരമനുസരിച്ച് 12% അല്ലെങ്കിൽ 18% ജി.എസ്.ടി.യുമാണ് ഈടാക്കേണ്ടത്. ഇതിന്റെ അടിസ്ഥാനത്തിൽ കരാറുകാർക്ക് ലഭ്യമാകുന്ന Input tax ഉം മറ്റും തട്ടിക്കിഴിച്ച് Net effect കണക്കാക്കി compensation നൽകുന്നതിന് ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏതുതരം ഫണ്ടുപയോഗിച്ചും നടപ്പിലാക്കുന്ന പ്രവൃത്തികൾക്കും ബാധകമാണ്. |
| (ബി) | എങ്കിൽ ഇതു സംബന്ധിച്ച് വ്യക്തത ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) & (സി) | ജി.എസ്.ടി. സംബന്ധിച്ച് വ്യക്തത വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജി.എസ്.ടി. ഈടാക്കുന്നത് സംബന്ധിച്ച് എല്ലാ നിർവഹണ ഉദ്യോഗസ്ഥർക്കും ക്ളാസുകൾ നൽകിയിട്ടുമുണ്ട്. |
| (സി) | ഇല്ലെങ്കിൽ ആയത് പരിശോധിച്ച് വ്യക്തതക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ